**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

[www.lfa.kerala.gov.in](http://www.lfa.kerala.gov.in)

**കീഴരിയൂർ ഗ്രാമ പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

**e-mail: dokkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.കെ.ഡി.പി.1/1527/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ dokkd.ksad@kerala.gov.in
ഫോൺ 04952371012

തീയതി 07.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കീഴരിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കീഴരിയൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. കെ.കെ.ഡി.പി.1/1527/2019 തിയ്യതി: 07.09.2019

## കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമ പഞ്ചായത്ത് 01/01/2019 മുതൽ 25/07/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വാസുദേവൻ എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26/07/2019 മുതൽ 06/08/2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബാലകൃഷ്ണൻ കെ.എം | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സതീശൻ സി.പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുരേഷ്കുമാർ. എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശ്രീജിത് കെ.വി | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. പി. ഗോപാലൻ നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ഷാജഹാൻ. എം | 01/04/2019 മുതൽ 21/06/2018 വരെ |
| | ശ്രീ. സി.കെ.റഫീഖ് | 22/06/2018 മുതൽ 31/03/2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി. ശ്രീവിദ്യ. വി. സി | 01.04.2018 മുതൽ 31/03/2019വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. സിനി. പി | 01.04.2018 മുതൽ 07/06/2018 വരെ |
| | സുഭിഷ വി.വി | 11/07/2018 മുതൽ 31/03/2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. അബ്ദുൾ ബഷീർ. കെ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഷസ്ന മുഹമ്മദലി | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. വിക്രം വി. വി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷംസുദ്ദീൻ. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ആനന്ദ് പി.ആർ. | 01/04/2018 മുതൽ 23/10/2018 മുതൽ |
| | ഡോ. മൃദുല ഗോപിനാഥ് | 24/10/2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജമീല. ടി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി. ഷിൻല. വി. ബി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ജിഷ ഒ. കെ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| | ഭാഗം-1 | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | നികുതി-നികുതിയേതര വരുമാനം | 1-2 |
| 3 | ആഭ്യന്തര നിയന്ത്രണം | 1-3 |
| 4 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം. | 1-4 |
| 5 | കൃത്യമായ പരിശോധനകൾ നടത്താതെ തെരുവ് വിളക്കുകൾക്ക് വൈദ്യുതി ബോർഡിന് ചാർജ്ജ് ഒടുക്കുന്നു | 1-5 |
| 6 | പേരാമ്പ്ര ഫെസ്റ്റ് - തനതുഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ | 1-6 |
| 7 | വാർഷികകണക്കുകളിലെ അപാകതകൾ | 1-7 |

| | | |
|---|---|---|
| 8 | കൃഷി- പദ്ധതി നിർവ്വഹണ -ആസൂത്രണ ഘട്ടങ്ങളിൽ വീഴ്ച. | 1-8 |
| 9 | വാഴകൃഷി വികസനം-ആസൂത്രണത്തിൽ പിഴവ് | 1-9 |
| 10 | തെങ്ങിന് ജൈവ വളത്തിന് സബ്സിഡി നൽകൽ- അർഹമായ ആനുകൂല്യം നൽകിയില്ല. | 1-10 |
| 11 | റിംഗ് കമ്പോസ്റ്റ്- ഏകവർഷ പ്രൊജക്ട് 4 വർഷമായിട്ടും പൂർത്തിയായില്ല | 1-11 |
| 12 | ഖരമാലിന്യ സംസ്കരണം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-12 |
| 13 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം - പഠനം കഴിഞ്ഞവർക്ക് ലാപ്ടോപ്പ് നൽകി | 1-13 |
| 14 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളില്ല | 1-14 |
| 15 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ – മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയില്ല | 1-15 |
| 16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് യാത്രാബത്ത, യൂണിഫോം, സ്കോളർഷിപ്പ് (ജനറൽ) – ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിയ്ക്ക് ആനുകൂല്യം നൽകി | 1-16 |
| 17 | എം.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർക്ക് വേതനം നൽകിയ തുക തനത് ഫണ്ടിൽ തിരിച്ചടച്ചില്ല | 1-17 |
| 18 | പൊതുമരാമത്ത് പദ്ധതികൾ :അപാകതകൾ | 1-18 |
| 19 | എസ്.എസ്.എ :അപാകതകൾ | 1-19 |
| 20 | മരുന്ന് വാങ്ങൽ- വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തൽ നടത്തിയില്ല | 1-20 |
| | ഭാഗം-2 | |
| | ഇല്ല | |
| | ഭാഗം-3 | |
| 21 | പേരാമ്പ്ര ഫെസ്റ്റ് - തനതുഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ | 3-1 |
| | ഭാഗം-4 | |
| 22 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 23 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 26 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 27 | സ്ഥിര നിക്ഷേപം | 4-6 |
| 28 | ഓഡിറ്റ് റിക്കവറി | 4-7 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 30 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 27/03/2018 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണ സമിതി പാസാക്കിയിട്ടുണ്ട്. 15/02/2019 ലെ 1/1 തീരുമാനപ്രകാരം 2018-19 ലെ പുതുക്കിയ ബജറ്റ് പാസ്സാക്കിയിട്ടുണ്ട്. ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ നോൺ പ്ലാൻ പ്രൊപ്രോസലുകൾ സമർപ്പിക്കണമെന്ന് 08/02/2018 ലാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കത്തെഴുതിയത്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ ,ഹോമിയോ മെഡിക്കൽ ഓഫീസർ എന്നിവർ മാത്രമാണ് പ്രൊപ്പോസലുകൾ ഹാജരാക്കിയത്. ഈയാവശ്യത്തിന് ഘടകസ്ഥാപനങ്ങളുടെ യോഗം വിളിച്ചു ചേർത്തതായി കാണുന്നില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയത്. തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ച് നിശ്ചിതമായ നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 നികുതി-നികുതിയേതര വരുമാനം

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി-നികുതിയേതര വരവുകളുടെ പ്രധാന സ്രോതസ്സ് വസ്തുനികുതി, തൊഴിൽ നികുതി, വാടക, ഡി&ഒ ലൈസൻസ് ഫീ, പെർമിറ്റ് ഫീ എന്നിവയാണ്. പ്രസ്തുത ഇനങ്ങളിൽ 2015-16 മുതൽ 2018-19 വരെയുള്ള ഡിമാന്റ് തുകകൾ താഴെ ചേർക്കുന്നു.

| ഇനം | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| വസ്തുനികുതി. | 1284955 | 1457887 | 1481014 | 1543712 |
| തൊഴിൽ നികുതി. | 1594280 | 1633680 | 1592660 | 1759810 |
| വാടക | 3000 | 7250 | 8000 | 6000 |
| ഡി& ഒ ലൈസൻസ് | 29260 | 39030 | 33680 | 62750 |
| പെർമിറ്റ് ഫീ | 58972 | 106011 | 92255 | 89373 |
| ആകെ | 2970467 | 3243858 | 3207609 | 3461645 |

മേൽ പട്ടിക പ്രകാരം 2017-18 നെ അപേക്ഷിച്ച് 2018-19 ൽ 7.79 ശതമാനം വരുമാന വർദ്ധനവുണ്ടായതായി കാണാം. ഡിമാന്റ് പ്രകാരമുള്ള മുഴുവൻ തുകയും 2018-19 ൽ

പിരിച്ചെടുക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. പ്രസ്തുത വർദ്ധനവ് ഭരണ സമിതിയുടെയും ജീവനക്കാരുടെയും ശ്രമഫലമായി നേടിയെടുത്തതാണെന്ന് വ്യക്തമാണ്. എന്നിരുന്നാലും 2017-18 ൽ 2016-17 നെ അപേക്ഷിച്ച് 1.1 ശതമാനത്തിന്റെ കുറവും 2016-17 ൽ 2015-16 നെ അപേക്ഷിച്ച് 9.2 ശതമാനത്തിന്റെ വർദ്ധനവും ഉണ്ടെന്ന് കാരണം. മേൽ വസ്തുതകൾ സ്ഥാപനത്തിന്റെ റവന്യൂ വരുമാനത്തിലുള്ള വർദ്ധനവ് ക്രമാനുഗതമോ സ്ഥിരതയുള്ളതോ അല്ലെന്ന് കാണാം. നികുതി-നികുതിയേതര വരമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വീഴ്ച വരുത്തിയിട്ടുണ്ട്. 2018-19 ലുണ്ടായ വർദ്ധനവ് ഡി&ഒ ലൈസൻസ് ഫീ നിരക്കിലുണ്ടായ വർദ്ധനവിന്റെ പ്രതിഫലനമാണ്. നികുതി-നികുതിയേതര വരുമാനത്തിലെ ചോർച്ച ഒഴിവാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- വസ്തു നികുതി.2018-19 വർഷത്തിൽ കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിനായി ലഭ്യമായ അപേക്ഷകളുടെ എണ്ണം അറിയിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 ൽ കെട്ടിട നിർമ്മാണ ക്രമവത്കരണ ഫീ ഇനത്തിൽ 40765 രൂപയാണ് സ്ഥാപനത്തിന് വരവുള്ളത്. ലഭ്യമായ കെട്ടിട നിർമ്മാണ ക്രമവത്കരണ ഫീ പരിശോധിക്കുമ്പോൾ ക്രമവത്കരണത്തിന് ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ടെന്നത് വ്യക്തമാണ്. എന്നാൽ ഫീൽഡ് പരിശോധനയിലൂടെ ഇത്തരത്തിലുള്ള കെട്ടിടങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അവസാനമായി നികുതി നിർണ്ണയം നടത്തിയതിന് ശേഷം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് സ്ഥാപനത്തിൽ നിലവിൽ സംവിധാനങ്ങളൊന്നുമില്ലെന്നത് ഇതിൽ നിന്നും വ്യക്തമാണ്. ഇത് ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം പുനർനിർണ്ണയിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത ഇല്ലാതാക്കുന്നു.ആയതിനാൽ ഫീൽഡ് തല പരിശോധനക്ക് ജീവനക്കാരെ ചുമതലപ്പെടുത്തി ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഇത്തരത്തിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ പ്രതിമാസം ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

- സേവന നികുതി - ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മുൻ നിർത്തി ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 200(2) പ്രകാരം ബാധകമായ നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

- തൊഴിൽ നികുതി- തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ബാധകമായ മുഴവൻ പേരും ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

- ഡി& ഒ ലൈസൻസ് ഫീ- ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ പിരിച്ചെടുക്കുന്ന തുക തന്നെ ഡിമാന്റായി പരിഗണിക്കുകയാണ് ചെയ്യുന്നത്. ഫീൽഡ് തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമാക്കി മുഴവൻ സ്ഥാപനങ്ങളും ലൈസൻസെടുത്താണ് പ്രവർത്തിക്കുന്നതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

- പെർമിറ്റ് ഫീ - ഫീൽഡ് തല പരിശോധന നടത്തി പെർമിറ്റില്ലാതെ നിർമ്മാണം നടത്തുന്ന കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

- വാടക- 2018-19 ൽ ഓഡിറ്റോറിയം വാടക ഇനത്തിൽ 4000 രൂപ മാത്രമാണ് സ്ഥാപനത്തിന് വരുമാനം ലഭിച്ചിട്ടുള്ളത്. ഓഡിറ്റോറിയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ആകർഷകമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമികളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനും ആഴ്ച ചന്ത സംഘടിപ്പിച്ചും വണ്ടിതാവളങ്ങൾ ഒരുക്കിയും വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-3 ആഭ്യന്തര നിയന്ത്രണം

24.05.2017 ലെ സ.ഉ(കൈ)1699/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ജോലി വിഭജനം നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

സാംഖ്യ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് സ്ഥാപനത്തിൽ അക്കൗണ്ടിംഗ് ജോലികൾ നിർവ്വഹിക്കപ്പെടുന്നത്. ബജറ്റ് സംബന്ധിച്ച വസ്തുതകൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബജറ്റ് പ്രകാരം അനുവദനീയമായ പരിധി പിന്നിടുന്ന ഒരു ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ്‌വെയർ സഹായകമാകുന്നില്ല. മേൽ സാഹചര്യത്തിലും ആവർത്തന ചെലവുകൾ അടക്കമുള്ള തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിൻജന്റ് ബില്ലുകളിൽ ബജറ്റ് പ്രകാരം അനുവദിച്ച തുകയുടെയും അതത് ബില്ല് വരെയുള്ള ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം ശ്രമിച്ചിട്ടില്ല.തനത് ഫണ്ട് അക്കൗണ്ടുകളിൽ ഇതര സ്വഭാവമുള്ള ഫണ്ടുകൾ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ മുഖേന നിരീക്ഷിക്കുന്നില്ല.

സ്ഥാപനത്തിലെ ധന ഇടപാടുകൾ ഒരാളിൽ തന്നെ കേന്ദ്രീകരിക്കാത്ത വിധത്തിൽ ഓഫീസ് ഉത്തരവിലൂടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. പഞ്ചായത്തിന് ലഭ്യമാവുന്ന മുഴുവൻ വരവുകൾക്കും രശീത് അനുവദിക്കുന്നുണ്ട്. പണം സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിലുണ്ട്. ലഭ്യമാവുന്ന ചെക്കുകൾ കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിച്ച് പണമാക്കി മാറ്റുന്നുണ്ട്.

വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തിൽ ഡി& ഒ ലൈസൻസ് ഫീ, നികുതി ഇതര വരവുകൾ വളരെ കുറവാണ്. സ്ഥാപനം ഖര -ദ്രവ പ്ലാസ്റ്റിക് പരിപാലന നിയമാവലി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്ലാസ്റ്റിക് ഉപയോഗത്തിനുള്ള ഫീ, ചട്ട ലംഘനത്തിനുള്ള പിഴ എന്നിവയിലൂടെയും വരുമാനം ആർജ്ജിക്കുന്നില്ല. ഡി& ഒ ലൈസൻസ് ഫീ ഇനത്തിൽ സ്ഥാപനത്തിന് ലഭിക്കേണ്ട തുക പൂർണ്ണമായും ഡിമാന്റ് ചെയ്യപ്പെട്ടു എന്ന് ഉറപ്പാക്കുന്നതിനുതകുന്ന തരത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി വിവരശേഖരണം നടത്താത്തതിനാൽ തൊഴിൽ നികുതി ഡിമാന്റിന്റെ കൃത്യതയും സംശയാസ്പദമാണ്. പുതിയ നികുതി/നികുതിയേതര വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് സഹായകമാകുന്ന തരത്തിലുള്ള അജണ്ടകൾ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സാധിച്ചിട്ടില്ല..

ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനത്തിന്റെ സാധന സേവന ആവശ്യകതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഏകീകൃതമായി സമാഹരിക്കുന്നതിന് സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് ആവശ്യകതകൾ മുൻകൂട്ടി നിശ്ചയിച്ച് സാധനങ്ങളും സേവനങ്ങളും ഒരുമിച്ച് സമാഹരിക്കുന്നതിലൂടെ സ്ഥാപനത്തിന് ലാഭമുണ്ടാക്കാമായിരുന്നു.

സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടുകളിലൂടെയാണ് വിതരണം ചെയ്യുന്നത്. സേവന പുസ്തകങ്ങൾ, പേ ബിൽ രജിസ്റ്റർ എന്നിവ കാലികമാക്കി

സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ എസ്.എൽ.ഐ, ജി.ഐ.എസ് തുടങ്ങിയവയുടെ രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ കാഷ്വൽ ലീവ് രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കുന്നുണ്ട്.

ആസ്തികളുടെ സംരക്ഷണത്തിലും പരിപാലനത്തിലും സ്ഥാപനത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ കൃത്യമാക്കുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. കാലഹരണപ്പെട്ട ഇലക്ട്രോണിക് ആസ്തികൾ ഉൾപ്പെടെയുള്ള ആസ്തികൾ കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. സ്ഥാപനത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ , ഫർണ്ണിച്ചറുകൾ എന്നിവ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇവയുടെ കൃത്യമായ മൂല്യം വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല.

സ്ഥാപനത്തിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ്. എന്നിരുന്നാലും സൂചിക സോഫ്റ്റ്‌വെയർ പൂർണ്ണമായും ഉപയോഗപ്പെടുത്തി ഫയലുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനോ, ഫയൽ ട്രാക്കിംഗ് വിവരങ്ങൾ അപേക്ഷകനുമായി പങ്ക് വെയ്ക്കുന്നതിനോ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ ഓഡിറ്റ് തിയ്യതിവരെയും പൂർത്തീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കാനുതകുന്ന തരത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനമൊരുക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-4 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം.

സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, തൊഴിൽ രഹിത വേതനം എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല.
2. 2019 മാർച്ച് മാസത്തിൽ ലഭിച്ചതും അന്വേഷണത്തിന് നൽകിയതുമായ ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ ഓഡിറ്റ് തീയതി വരെയും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.
3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല.

സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് / ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം പരിഹരിക്കേണ്ടതാണ്. പെൻഷൻ ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

# 1-5 കൃത്യമായ പരിശോധനകൾ നടത്താതെ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു

വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് 92,732 രൂപ അടവാക്കിയിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക ഇടപാടിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാണോ എന്ന ഒരു പരിശോധന 2015 ന് ശേഷം പഞ്ചായത്ത് നടത്തിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഫയലുകളിൽ നിന്നും വ്യക്തമാകുന്നു. 13.06.2018ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.16 പ്രകാരം കെ.എസ്.ഇ.ബിയുമായി സഹകരിച്ച് വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ പ്രവർത്തനക്ഷമമാണോ എന്ന ഒരു സംയുക്ത പരിശോധനയിലൂടെ നിജസ്ഥിതി മനസ്സിലാക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. എന്നാൽ നാളിതുവരെ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ തുടർനടപടി ചർച്ച ചെയ്തതായി കാണുന്നില്ല. കെ.എസ്.ഇ.ബിയുമായി സഹകരിച്ച് വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ പ്രവർത്തനക്ഷമമാണോ എന്ന ഒരു സംയുക്ത പരിശോധനയിലൂടെ വിവരശേഖരണം നടത്തി രജിസ്റ്ററുകൾ കാലികമാക്കി ഉപയോഗിയ്ക്കുന്ന ഊർജത്തിനു മാത്രം പണം ഒടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രവർത്തിക്കാത്ത തെരുവു വിളക്കുകൾ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമം ആക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നു എന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

# 1-6 പേരാമ്പ്ര ഫെസ്റ്റ് - തനതുഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ

വൗച്ചർ നമ്പർ - 21800083 തീ.16/05/2018

പേരാമ്പ്ര വികസന മിഷന്റെ നേതൃത്വത്തിൽ 2018 ഏപ്രിൽ 5 മുതൽ 12 വരെ സംഘടിപ്പിച്ച പേരാമ്പ്ര ഫെസ്റ്റിന്റെ രണ്ടാം ദിനത്തിൽ കീഴരിയൂർ ഗ്രാമപഞ്ചായത്ത് അവതരിപ്പിച്ച സാംസ്കാരിക ഘോഷയാത്രയുടെ ചെലവിനത്തിൽ 25500 രൂപ തനതുഫണ്ടിൽ നിന്ന് പിൻവലിച്ച് സി.ഡി.എസ്. ചെയർപേഴ്സണ് നൽകിയിട്ടുണ്ട്. വൗച്ചർ പരിശോധിച്ചതിൽ അസാധാരണ ചെലവ് എന്ന ശീർഷകത്തിലാണ് പണം ചെലവഴിച്ചത്. പഞ്ചവാദ്യത്തിന് 15000 രൂപയും 250 പേർ യാത്ര ചെയ്തതിന് 3 ബസിന്റെ വാടകയിനത്തിൽ 11000 രൂപയുമാണ് സി.ഡി.എസ്. ചെയർപേഴ്സൺ ക്ലെയിം ചെയ്തത്. മേൽ തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. 2011 ലെ കേരള പഞ്ചായത്ത്രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിലെ ഭൂരിപക്ഷം അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇത്തരം ചെലവുകൾക്ക് അംഗീകാരം നൽകേണ്ടത്. ഭരണസമിതി തീരുമാനം പരിശോധിച്ചതിൽ മേൽ ഇനത്തിന് 15000 രൂപ ചെലവഴിക്കുന്നതിനാണ് ഭരണസമിതി അംഗീകാരം നൽകിയത്. മാത്രമല്ല തുക ചെവഴിച്ചത് ഗ്രാമപഞ്ചായത്തിനകത്തെ പ്രവർത്തനത്തിനല്ലാത്തതിനാൽ സർക്കാർ അനുമതി ആവശ്യമാണെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ഭരണസമിതി അനുമതി നൽകിയതിനേക്കാൾ അധികം ചെലവഴിച്ച 10500 (25500-15000)രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലടക്കേണ്ടതാണ്.

# 1-7 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ

പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1) ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) 31/03/2019 ലെ ക്ലോസിംഗ് സ്റ്റോക്ക് മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) അസിസ്റ്റന്റ് എഞ്ചിനീയർ ടി.ആർ 7 എ മാതൃകയിൽ ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

4) 2018-19 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് ബി-3 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിലേക്ക് മൂലധന നിക്ഷേപമായി 14763803 രൂപയാണ് സ്ഥാപനം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ലഡ്ജർ പരിശോധിച്ചതിൽ നിന്നും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിലേക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിന് പകരം ഡെബിറ്റ് ചെയ്തതായി കാണുന്നു.

5) ബാലൻസ് ഷീറ്റിലെ ബി-9 പത്രിക പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 135998 രൂപയും പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിനത്തിൽ 97812 രൂപയും അടവാക്കുന്നതിനുള്ള ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്.2019 മാർച്ച് മാസത്തിലെ ശമ്പളബില്ലുകൾ പ്രകാരം ഈ ഇനങ്ങളിലെ തൻമാസ ബാധ്യത യഥാക്രമം 47866 ,51250 രൂപയാണ്.

6) ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർ ദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.

# 1-8 കൃഷി- പദ്ധതി നിർവ്വഹണ -ആസൂത്രണ ഘട്ടങ്ങളിൽ വീഴ്ച.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.01.2017 ലെ സ.ഉ(എം.എസ് ) നം.10/2017 ഉത്തരവ് പ്രകാരം പദ്ധതി ആസൂത്രണ-നിർവ്വഹണ ഘട്ടത്തിൽ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക, ആസൂത്രണ-നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട വികസനമേഖലയുടെ അവസ്ഥാ വിശകലനം നടത്തിയും പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടതാണ്. അവസ്ഥാ വിശകലനം നടത്തി ബന്ധപ്പെട്ട മേഖലയിലെ വെല്ലുവിളികൾ, വികസനത്തിലെ വിടവുകൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി അവസ്ഥാരേഖ തയ്യാറാക്കേണ്ടതും മേഖലയിലെ വെല്ലുവിളികളെയും വികസനത്തിലെ വിടവുകളെയും പരിഹരിക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി നിർവ്വഹണം നിരീക്ഷിക്കേണ്ടതും, പദ്ധതി ലക്ഷ്യങ്ങൾ കൈവരിച്ചോ എന്ന് പരിശോധിച്ച് വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകളാണ്.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2017 ലെ സ.ഉ(എം.എസ് ) നം.224/2017 ഉത്തരവ് പ്രകാരം അവസ്ഥാ രേഖ പ്രതിവർഷം പരിഷ്കരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പൊതുവായ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടത് . എന്നിരുന്നാലും ഓരോ വർക്കിംഗ് ഗ്രൂപ്പിനെയും അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുമായി ബന്ധപ്പെടുത്തിയിട്ടുള്ളതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടത്.

2018-19 വർഷത്തിൽ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ പദ്ധതി ആസൂത്രണ-നിർവ്വഹണ-വിലയിരുത്തൽ ഘട്ടങ്ങളിൽ ചുമതലാ പരമായ പങ്ക് വഹിച്ചിട്ടില്ല. 2017-18 വർഷത്തിൽ കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ താഴെ പറയുന്നവയാണ്.

- പാടശേഖരത്തിൽ ഉപ്പ് വെള്ളം കയറുന്നത് മൂലം ചെറുപുഴ പാടശേഖരം കൃഷിയോഗ്യമല്ലാതാവുന്നു,
- പ്രാദേശികമായി ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ അഭാവം,
- പ്രാദേശികമായി ജൈവവളം ലഭ്യമാവുന്നില്ല

പാടശേഖരത്തോട് ചേർന്ന് ബണ്ട് നിർമ്മാണം നടത്തുക, കാർഷിക കർമ്മസേന രൂപീകരിച്ച് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ പ്രാദേശികമായ ലഭ്യത ഉറപ്പ് വരുത്തുക, ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് ജൈവവളം പ്രാദേശികമായി ഉത്പാദിപ്പിക്കുക എന്നീ പരിഹാരങ്ങളും പ്രസ്തുത വെല്ലുവിളികളെ നേരിടുന്നതിന് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ചുമതലയുള്ള ഇതേ വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത ലക്ഷ്യങ്ങൾ മുൻനിർത്തി 2017-18,2018-19 വർഷങ്ങളിൽ പ്രൊജക്ടുകളൊന്നും ആസൂത്രണം ചെയ്ത് നടപ്പാക്കിയതായി കാണുന്നില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നിർവ്വഹണം നടത്തിയ പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഇടപെടലുകൾ നടത്തിയിട്ടില്ലെന്ന് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പ് വീഴ്ച വരുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിച്ചിട്ടില്ല. മേൽ ഘടകങ്ങളുടെ ചുമതലാ നിർവ്വഹണത്തിലുണ്ടായ വീഴ്ച താഴെ പറയുന്ന അപാകതകൾക്ക് കാരണമായിട്ടുണ്ട്.

1. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 58 ഹെക്ടർ നെൽവയലുകളിൽ 39 ഹെക്ടർ നെൽവയലുകൾ കൃഷിയോഗ്യമാണ്. 2018-19 ൽ 30 ഹെക്ടറിൽ നെൽകൃഷി ലക്ഷ്യമിട്ടിരുന്നെങ്കിലും18 ഹെക്ടർ ഭൂമിയിൽ മാത്രമെ നെൽകൃഷി ചെയ്തിട്ടുള്ളൂ. ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനായി ബണ്ട് നിർമ്മാണം പോലുള്ള പദ്ധതികളുടെ അഭാവം നെൽകൃഷി വികസനത്തിന് തടസ്സമായിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 24 ഹെക്ടർ തരിശ് ഭൂമിയുണ്ട് ആയതിൽ 4 ഹെക്ടർ ഭൂമി കൃഷിയോഗ്യമാണെന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിന് സഹായകമാവുന്ന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.
2. 2018-19 ൽ മഞ്ഞൾ ഗ്രാമം, തെങ്ങിന് ജൈവവളം, വാഴ കൃഷി വ്യാപനം തുടങ്ങിയ പദ്ധതികൾ നിർവ്വഹണം നടത്തിയെങ്കിലും ആവശ്യമായ നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ ഗ്രാമപഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി നൽകുകയാണുണ്ടായത്. നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ പ്രാദേശികമായി ഉത്പാദിപ്പിക്കുന്നതിന് സഹായകമാവുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലുണ്ടായ വീഴ്ച മേൽ പദ്ധതി ചെലവ്/കാലതാമസം എന്നിവ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നടപടികൾ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പിലെ നിഷ്ക്രിയരായ അംഗങ്ങൾക്ക് പകരം പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് പുനസംഘടിപ്പിക്കേണ്ടതാണ്.
2. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണ-നിർവ്വഹണ-വിലയിരുത്തൽ ഘട്ടങ്ങളിൽ ഇടപെടുന്നുണ്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

# 1-9 വാഴകൃഷി വികസനം-ആസൂത്രണത്തിൽ പിഴവ്

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നിർവ്വഹണം നടത്തിയ വാഴകൃഷി വികസന പദ്ധതിയുടെ ആസൂത്രണ / നിർവ്വഹണ ഘട്ടത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രൊ.നം, പേര് | 7/19, വാഴകൃഷി വികസന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അബ്ദുൾ ബഷീർ.കെ.കെ.<br>കൃഷി ഓഫീസർ |
| അടങ്കൽ/ഫണ്ട് | 76080/വികസനഫണ്ട് (ജനറൽ ) |
| ചെലവ് | 76080. (ബിൽ നം- 2/18-19 തീ. 31.12.2018 (74880), 3/18-19, തീ. 31.12.18 (1200) ) |

14.02.2018 തീയതിയിലെ സ.ഉ(കൈ) നം.22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ൽ വാഴതൈകളുടെ വിതരണവുമായി ബന്ധപ്പെട്ട് സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത് എന്ന് വ്യക്തമാക്കുന്നുണ്ട്.

പദ്ധതി പ്രകാരം 951 കർഷകർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ സ്ഥല വിസ്തൃതി പരിഗണിക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും 5 വീതം വാഴകന്നുകളാണ് വിതരണം ചെയ്തിട്ടുള്ളത്. വാർഡ് 4 ലെ ഗുണഭോക്താക്കളായ 6 സെന്റ് ഭൂമി മാത്രമുള്ള സത്യഭാമ മനത്താനത്ത് മീത്തൽ,2 ഏക്കർ ഭൂമിയുള്ള കുഞ്ഞബ്ദുള്ള ഉണ്ടിയോട്ട് മീത്തൽ എന്നവർക്കും ഒരേ അളവിലാണ് വാഴകന്നുകൾ വിതരണം ചെയ്തിട്ടുള്ളത്.പദ്ധതി ആസൂത്രണം ചെയ്ത വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ലക്ഷ്യം വെയ്ക്കുന്ന വാഴകൃഷി വികസനത്തിന് സഹായകമാവുന്ന തരത്തിലല്ല നിർവ്വഹണം നടത്തിയിട്ടുള്ളത്.

കൂടുതൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്കും 5 വാഴകന്ന് മാത്രമായി പരിമിതപ്പെടുത്തിയത് മൂലം വാഴകൃഷി വികസനം, ഉത്പാദന വർദ്ധനവ് എന്നീ ലക്ഷ്യങ്ങൾ ഭാഗികമായി കൈവരിക്കുന്നതിന് മാത്രമെ പദ്ധതി സഹായകമായുള്ളൂ.മാത്രമല്ല അപേക്ഷകന്റെ കൈവശമുള്ള കൃഷിഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും ഇത് മൂലം സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ലെ നിർദ്ദേശങ്ങൾ അവഗണിച്ചതാണ് മേൽ വീഴ്ചക്ക് കാരണമായിട്ടുള്ളത്.

പദ്ധതി ആസൂത്രണ ഘട്ടത്തിൽ പദ്ധതി സർക്കാർ ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പും കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥനും ഉറപ്പ് വരുത്തേണ്ടതാണ്.

# 1-10 തെങ്ങിന് ജൈവ വളത്തിന് സബ്സിഡി നൽകൽ-അർഹമായ ആനുകൂല്യം നൽകിയില്ല.

പ്രൊജക്ടിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രൊ.നം, പേര് | 8/19,തെങ്ങിന് ജൈവ വളത്തിന് സബ്സിഡി നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അബ്ദുൾ ബഷീർ.കെ.കെ.<br>കൃഷി ഓഫീസർ |
| അടങ്കൽ/ഫണ്ട് | 983675/വികസനഫണ്ട് (ജനറൽ )<br>336875/ഗ.വിഹിതം |
| ചെലവ് | 983675+336875 |

581 ഗുണഭോക്താക്കൾക്ക് തെങ്ങിന് ജൈവവളത്തിന് സബ്സിഡി നൽകുക എന്നതാണ് പദ്ധതി പ്രകാരം ലക്ഷ്യം വെച്ചിട്ടുള്ളത്. 14.02.2018 തീയതിയിലെ സ.ഉ(കൈ) നം.22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ൽ ജൈവവളത്തിന് പൊതുവിഭാഗത്തിന് 75 ശതമാനവും പട്ടികജാതി/പട്ടിക വർഗ്ഗത്തിന് 100 ശതമാനവും സബ്സിഡി നൽകാവുന്നതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നിർവ്വഹണം നടത്തിയ തെങ്ങിന് ജൈവ വളത്തിന് സബ്സിഡി നൽകൽ എന്ന പദ്ധതിയുടെ ആസൂത്രണ / നിർവ്വഹണ ഘട്ടത്തിൽ താഴെ ചേർത്ത അപാകത കാണുന്നു.

ഗുണഭോക്തൃപട്ടികയിലുൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും 75 ശതമാനം നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് 100 ശതമാനം സബ്സിഡി ഉറപ്പാക്കുന്ന തരത്തിൽ പദ്ധതി ആസൂത്രണം

ചെയ്യാതിരുന്നതാണ് അർഹതപ്പെട്ട ആനുകൂല്യം പട്ടിക ജാതി/ പട്ടിക വർഗ്ഗത്തിന് ലഭിക്കുന്നതിന് തടസ്സമായത്.

പദ്ധതി ആസൂത്രണ ഘട്ടത്തിൽ സർക്കാർ ഉത്തരവുകൾ ,മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പും കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥനും ഉറപ്പ് വരുത്തേണ്ടതാണ്.

# 1-11 റിംഗ് കമ്പോസ്റ്റ്- ഏകവർഷ പ്രൊജക്ട് 4 വർഷമായിട്ടും പൂർത്തിയായില്ല

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം വികസന മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വമാലിന്യ സംസ്കരണം. ഗാർഹികമായി ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നിർവ്വഹണം നടത്തിയ ശുചിത്വ വീട്-റിംഗ്,പൈപ്പ് കമ്പോസ്റ്റ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

സമഗ്ര മാലിന്യ പരിപാലനം മുൻനിർത്തിയാവണം പദ്ധതി ആസൂത്രണം ചെയ്യേണ്ടത്. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി പൂർത്തീകരണത്തിനുള്ള സമയ പരിധി നിശ്ചയിച്ച് സേവനദാതാവുമായുള്ള കരാറിൽ പൂർത്തീകരണ സമയം വ്യവസ്ഥ ചെയ്യേണ്ടതുമാണ്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വിലയിരുത്തൽ കമ്മിറ്റിയായി പ്രവർത്തിച്ച് സമയപരിധിക്കകം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നിർവ്വഹണം നടത്തിയ 118/19 നമ്പറായുള്ള (സ്പിൽ ഓവർ ) ശുചിത്വ വീട്-റിംഗ്,പൈപ്പ് കമ്പോസ്റ്റ് എന്ന പദ്ധതിയുടെ ആസൂത്രണ-നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് ചുമതലാപരമായ പങ്ക് നിർവ്വഹിച്ചിട്ടില്ല. ഇത് മൂലം താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2016-17 വർഷത്തിൽ ഏക വർഷ പദ്ധതിയായി ആരംഭിച്ച പദ്ധതി 2017-18, 2018-19 വർഷങ്ങളിൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയിട്ടും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.
2. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 4512 വീടുകളുണ്ട്.എന്നാൽ 4 വർഷം പദ്ധതി നിർവ്വഹണം നടത്തിയിട്ടും 503 ഗുണഭോക്താക്കളെ മാത്രമെ പദ്ധതിയുടെ ഭാഗമാക്കാൻ സാധിച്ചിട്ടുള്ളൂ. പദ്ധതിയിൽ ഉൾപ്പെടാത്ത ഗ്രാമപഞ്ചായത്തിലെ വീടുകളിൽ മതിയായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുണ്ടോ എന്നത് പരിശോധിക്കപ്പെട്ടിട്ടില്ല.
3. കരാറിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഐ.ആർ.ടി.സി പാലക്കാട് റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ച് സ്ഥാപിച്ച് നൽകേണ്ടതാണ്. എന്നാൽ വാർഡ് കേന്ദ്രങ്ങളിൽ എത്തിക്കുന്ന റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ വീടുകളിലെത്തിച്ച് സ്ഥാപിക്കുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.
4. ഐ.ആർ.ടി.സി യുമായി സ്ഥാപനം ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ പൂർണ്ണമായും സ്ഥാപിച്ച് നൽകുന്നതിന് ഐ.ആർ.ടി.സി ക്ക് അനുവദിച്ച സമയ പരിധി 2017 മാർച്ച് 31 ആണ്. എന്നാൽ 4 വർഷമായിട്ടും 464 യൂണിറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് മാത്രമെ ഐ.ആർ.ടി.സി ക്ക് സാധിച്ചിട്ടുള്ളൂ.

പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഇടപെടേണ്ടതാണ്. കരാർ വ്യവസ്ഥകൾ പാലിക്കാത്ത ഐ.ആർ.ടി.സി പാലക്കാടിനെതിരെ കരാറിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-12 ഖരമാലിന്യ സംസ്ക്കരണം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം വികസന മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വമാലിന്യ സംസ്കരണം. ഹരിതകേരള വികസന മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- മാലിന്യം പൊതുസ്ഥലത്ത് വലിച്ചെറിയില്ലെന്ന് ഉറപ്പാക്കൽ.
- ഖരമാലിന്യ ശേഖരണം.
- കിണറുകൾ, ചിറകൾ എന്നിവയിലെ പായൽ, പ്ലാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ വാരി മാറ്റി വൃത്തിയാക്കുക.
- പൊതു പങ്കാളിത്തത്തോടെ, മാലിന്യ കൂമ്പാരങ്ങൾ ഉള്ള സ്ഥലത്തുനിന്നും അവ മാറ്റൽ.
- വികേന്ദ്രീകൃത കമ്മ്യൂണിറ്റിതല കമ്പോസ്റ്റിങ്ങ് സംവിധാനം ചെയ്യൽ.
- ഉറവിട അഴുക്കുജല പരിപാലനം.
- വീടുകളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും അഴുകുന്ന മാലിന്യം പുറത്തേക്ക് പോവുന്നില്ലെന്ന് ഉറപ്പാക്കലും ഉറവിടത്തിൽ തന്നെ സംസ്കരിക്കലും.
- എല്ലാ സർക്കാർ ഓഫീസുകളിലും മാലിന്യം കുറയ്ക്കാൻ നടപടി.
- എല്ലാ ജില്ലകളിലും സ്വാപ് ഷോപ്പ് സംരംഭകരെയും പാഴ് വസ്തു വ്യാപാരികളെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ.
- ആശുപത്രികൾ, ഹോട്ടലുകൾ, വ്യാപാരകേന്ദ്രങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട്, മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ശ്രദ്ധയും പദ്ധതിയും ഉണ്ടെന്ന് ഉറപ്പാക്കൽ.
- പ്ലാസ്റ്റിക് ബാഗ് ഇല്ലാത്ത കടകൾ ഉറപ്പാക്കൽ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.07.2017 തീയതിയിലെ സ.ഉ. (എം.എസ്) 2420/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരമാണ് മാലിന്യ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നിർവ്വഹണം നടത്തിയ അജൈവ മാലിന്യ നിർമ്മാർജ്ജനം എന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിലുണ്ടായ വീഴ്ച താഴെ പറയുന്ന അപാകതകൾക്ക് കാരണമായിട്ടുണ്ട്.

1. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്.എന്നാൽ നിലവിൽ ഹരിത കർമ്മസേന പ്രവർത്തനക്ഷമമല്ല. ഹരിത കർമ്മ സേനയിലേക്ക് അപേക്ഷ ക്ഷണിച്ച്, അപേക്ഷകരിൽ നിന്നു താത്പര്യപത്രം വാങ്ങി, ഹരിതകർമ്മ സേനയുമായി കരാറിലേർപ്പെടേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ പാലിക്കാത്തതും ആസൂത്രണത്തിലെ പിഴവും ഹരിതകർമ്മസേന പ്രവർത്തനം പരാജയപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

2. ആവശ്യകതാ നിർണ്ണയ സർവ്വെ നടത്തി ജൈവ മാലിന്യ സംസ്കരണത്തിന് മുഴുവൻ വീടുകളിലും ഉടമയുടെ സ്വന്തം ചെലവിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും സർവ്വെ പ്രകാരം ശേഖരിച്ച ഡാറ്റ വിശകലനം ചെയ്ത് ഹരിതകർമ്മസേനയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനുതകുന്ന നിരക്കിൽ വിവിധ വിഭാഗങ്ങളുടെ യൂസർഫീ നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്. എന്നാൽ സർവ്വെ നടത്തിയത് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സർവ്വെയുടെ അടിസ്ഥാനത്തിലല്ല യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്.
3. ഹരിത കേരള മിഷൻ അംഗീകരിച്ച ഒരു സ്ഥാപനത്തിനെ ഗ്രാമപഞ്ചായത്ത് ഹരിതസഹായ സ്ഥാപനമായി തെരഞ്ഞെടുക്കേണ്ടതും മാലിന്യ സർവ്വെ പ്രകാരം ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് പ്രസ്തുത സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒരു പൂർണ്ണ പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണ പ്രവർത്തന പദ്ധതിയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടത്. എന്നാൽ മേൽ നടപടി ക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.
4. ഹരിത കർമ്മസേന വാർഡുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെങ്കിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ മാലിന്യങ്ങൾ താത്കാലികമായി ശേഖരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനമില്ല.പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതും യഥാസമയം സംസ്കരിക്കാത്തതും പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുണ്ട്.
5. ഹരിത കർമ്മ സേനയും പഞ്ചായത്തും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.
6. പഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, സ്വഭാവം, സ്രോതസ്സ് എന്നിവ സർവ്വെ നടത്തി തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ മാലിന്യ സംസ്കരണം എന്ന വെല്ലുവിളി ഭാഗികമായി പരിഹരിക്കുന്നതിന് മാത്രമെ പദ്ധതി സഹായകമായുള്ളു.
7. മാലിന്യങ്ങൾ കയറ്റി അയച്ച് കയ്യൊഴിയുക എന്ന നയമാണ് അജൈവ മാലിന്യ സംസ്കരണത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. ആയത് പ്രസ്തുത വെല്ലുവിളിയെ ശാശ്വതമായി നേരിടുന്നതിന് സഹായകമല്ല. ഈ പ്രക്രിയ മാസങ്ങളായി നിലച്ച അവസ്ഥയിലാണ്.

ഖരമാലിന്യങ്ങളുടെ സംസ്കരണത്തിനോ ജൈവമാലിന്യ സംസ്കരണത്തിനോ സംവിധാനമില്ല. ആയത് മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യപ്പെടുന്നതിനും കാരണമാകും. ആയത് ഗുരുതരമായ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. മാലിന്യ പരിപാലനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചയാണ് ഹരിതകർമ്മസേനയുടെയും അജൈവ മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിലെയും പരാജയത്തിന് കാരണമായിട്ടുള്ളത്.

അടിയന്തിരമായി ഹരിതസഹായ സ്ഥാപനത്തെ തെരഞ്ഞെടുക്കേണ്ടതും ഹരിതസഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ മാലിന്യ സർവ്വെ നടത്തി പൂർണ്ണപ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതാണ്.ഹരിത കർമ്മ സേന പുനസംഘടിപ്പിക്കേണ്ടതും എം.ആർ.എഫ്, എം.സി.എഫ് എന്നിവ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. എം.ആർ.എഫ്, എം.സി.എഫ് സെന്ററുകളെ കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നത് നിലവിലുള്ള ആശങ്കകൾ പരിഹരിച്ച് നൽകുന്നതിന് സഹായകമാവും. അപാകതകൾ പരിഹരിച്ച് അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം - പഠനം കഴിഞ്ഞവർക്ക് ലാപ്ടോപ്പ് നൽകി

പ്രൊജക്ട് നമ്പർ - 93/19 (സ്പിൽ ഓവർ)

അടങ്കൽ - 240050

ചെലവ് - 239600 (എസ്.സി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം ബിരുദ /ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന 8 പട്ടികജാതി യുവതീ/ യുവാക്കൾക്ക് ലാപ്ടോപ്പ് (acer, 4gb) വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.(കൈ)നം.22/18 തസ്വഭവ തീ.14/02/2018 സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക7.2.8 പ്രകാരം ഉപരിപഠനത്തിന് പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ് നൽകാവുന്നതാണ്. 2017-18 ൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് 2017-18ൽ 5പേർക്ക് ലാപ്ടോപ് നൽകിയിരുന്നു. ലിസ്റ്റിൽ ശേഷിക്കുന്ന 8 പേർക്ക് സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കി 31/05/2018 ന് (ബിൽനം.2/18-19) 239600 രൂപ ചെലവഴിച്ച് ലാപ്ടോപ് നൽകി. ഗുണഭോക്തൃലിസ്റ്റിലെ മുഴുവൻ പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.ബിസയർ പവർ സൊല്യൂഷൻ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ മുഖേനയാണ് ലാപ്ടോപ് വാങ്ങിയത്.പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) വർക്കിംഗ് ഗ്രൂപ്പ് മിനിട്സ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് തുടങ്ങിയവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ ഉപരിപഠനത്തിന് വിവിധ കോഴ്സുകൾക്ക് എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നതു സംബന്ധിച്ച ഡാറ്റ ലഭ്യമല്ല.ആയതിനാൽ അർഹരായ മുഴുവൻപേർക്കും അപേക്ഷാഫോറം വിതരണം ചെയ്തുവെന്നും അർഹരായവർ മുഴുവൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും ഉറപ്പു വരുത്താൻ നിർവ്വഹണോദ്യോഗസ്ഥയ്ക്കും വർക്കിംഗ് ഗ്രൂപ്പിനും കഴിഞ്ഞിട്ടില്ല.

2)ലാപ്ടോപ് കൈപ്പറ്റിയ ഗോപികാ രമേശ് ( ഗോപികാ രമേശിന്റെ അപേക്ഷ പരിശോധിച്ചതിൽ മുൻഗണനാ മാനദണ്ഡപ്രകാരം പൂജ്യം മാർക്കാണ് ലഭിച്ചത്),അനുഷാബിനു എന്നിവർക്ക് നിർവ്വഹണ ഉദ്യോഗസ്ഥ 09/02/2018 ന് അയച്ച കത്തിൽ 25/02/2018 നകം അർഹത തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ കത്തയക്കുമ്പോൾ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ 2017-18 വർഷം അവസാന വർഷ ബിരുദ വിദ്യാർത്ഥികളായിരുന്നു.വിതരണ രജിസ്റ്ററിൽ തിയ്യതി വെക്കാതെയാണ് ഗുണഭോക്താക്കൾ ഒപ്പുവെച്ചിരിക്കുന്നത്.ഫലത്തിൽ ഇവർക്ക് ലാപ്ടോപ് പഠന സഹായിയായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, പഠിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|
| ഗോപികാ രമേശ്,<br>തൈക്കണ്ടി,<br>വാർഡ് 11, | ഗുണഭോക്താവ് 14/09/2015 മുതൽ ബി.കോം വിദ്യാർത്ഥിനിയാണെന്ന് 21/02/2018 തിയ്യതിയിലെ കോളേജ് പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം ഫയലിലുണ്ട്.17-18 വർഷം കോഴ്സ് പൂർത്തിയാക്കിയെന്ന് വ്യക്തം. |

| | |
|---|---|
| ബി.കോം,<br>എസ്.എ.ആർ.ബി.ടി.എം ഗവ.കോളേജ്,കൊയിലാണ്ടി | |
| അനുഷ ബിനു,<br>അഞ്ജന നിവാസ്,<br>വാർഡ് 11,<br>ബി.എ(ഇക്കണോമിക്സ്)<br>സി.കെ.ജി.എം.ഗവ.കോളജ്,<br>പേരാമ്പ്ര. | ഗുണഭോക്താവ് ബി.എ.അവസാന വർഷ വിദ്യാർത്ഥിനിയാണെന്ന് 15/02/2018 തിയ്യതിയിലെ കോളേജ് പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം ഫയലിലുണ്ട്.17-18 വർഷം കോഴ്സ് പൂർത്തിയാക്കിയെന്ന് വ്യക്തം. |

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് മുമ്പ് പ്രൊജക്ട് നിർദ്ദേശം തയ്യാറാക്കിയതാണ് മേൽപറഞ്ഞ അപാകതകളുടെ അടിസ്ഥാന കാരണം. പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മുമ്പ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സർവ്വെ നടത്തുകയോ ഏതെങ്കിലും സെക്കണ്ടറി ഡാറ്റ ശേഖരിക്കുകയോ ചെയ്തിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥ ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽനോട്ടചുമതല നിർവ്വഹിച്ചില്ല. ആയതിനാൽ തന്നെ മേൽപ്പറഞ്ഞ രണ്ട് ഗുണഭോക്താക്കൾക്കും പഠനകാലയളവിൽ ലാപ്ടോപ് ലഭിച്ചില്ല. ഇത് പദ്ധതിചെലവിന്റെ ദുർവിനിയോഗവും പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മയുമാണ്.ആയതിനാൽ മേൽപ്പറഞ്ഞ രണ്ട് ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നൽകാൻ ചെലവഴിച്ച 59900 (29950 x 2) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

ഇത്തരം പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് മുമ്പ് ഗുണഭോക്താക്കൾക്ക് പഠനകാലയളവിന്റെ ആദ്യഘട്ടം തന്നെ ആനുകൂല്യം കിട്ടുന്നവിധം ആവശ്യമായ വിവരങ്ങൾ സർവ്വെയിലൂടെയോ സെക്കണ്ടറി ഡാറ്റ ഉപയോഗിച്ചോ ശേഖരിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് പദ്ധതിയുടെ ഓരോ ഘട്ടവും മോണിറ്ററിംഗ് നടത്തി, മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നൽകേണ്ടതുമാണ്. സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്.

# 1-14 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളില്ല

വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട വികസനമേഖലയുടെ അവസ്ഥാ വിശകലനം നടത്തിയും പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടതാണ്. അവസ്ഥാ വിശകലനം നടത്തി ബന്ധപ്പെട്ട മേഖലയിലെ വെല്ലുവിളികൾ, വികസനത്തിലെ വിടവുകൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി അവസ്ഥാരേഖ തയ്യാറാക്കേണ്ടതും മേഖലയിലെ വെല്ലുവിളികളെയും വികസനത്തിലെ വിടവുകളെയും പരിഹരിക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ 15.03.2018 തീയതിയിലെ യോഗത്തിൽ മേഖലയിൽ 5 പദ്ധതികൾ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങളൊന്നും പദ്ധതികളായി മാറിയില്ല. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

പരിശോധിച്ചതിൽ നിന്നും പ്രസ്തുത കാലയളവിൽ ഈ മേഖലയിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ലെന്നത് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രായോഗികമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ വീഴ്ചവരുത്തി എന്നതിന്റെ തെളിവാണ്. ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലുള്ള വനിതാ വ്യവസായ യൂണിറ്റ് കെട്ടിടം 06.08.2019 തീയതിയിൽ നേരിൽ പരിശോധിച്ചതിൽ നിന്നും പ്രസ്തുത കെട്ടിടം പാഴ് വസ്തുക്കൾ നിക്ഷേപിക്കുന്ന ഇടമായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടം കേന്ദ്രീകരിച്ച് ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

# 1-15 ആയൂർവേദ ആശുപത്രിയ്ക് മരുന്ന് വാങ്ങൽ – മുഴുവൻ തുകയ്കും മരുന്ന് ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ - 115/19

അടങ്കൽ - 550,000

ചെലവ് - 550,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - ആയൂർവേദ മെഡിക്കൽ ഓഫീസർ

മേൽ പ്രോജക്ട് പ്രകാരം ആയൂർവേദ ആശുപത്രിക്ക് ആവശ്യമായ മരുന്ന് കേരള സർക്കാർ സ്ഥാപനമായ ഔഷധിയിൽ നിന്നും വാങ്ങുന്നതിന് 31.10.2018 ന് കരാർ വെക്കുകയും രശീതി നം.1400904998/31.10.2018 പ്രകാരം 5,50,000 രൂപ ഔഷധിക്ക് കൈമാറുകയും ചെയ്തു. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

കരാർ പ്രകാരം 2 മാസത്തിനകം മുഴവൻ തുകയ്ക്കുമുള്ള മരുന്ന് ഔഷധി സപ്ളൈ ചെയ്യേണ്ടതും അല്ലാത്ത പക്ഷം കരാർ ലംഘനമായി കണക്കാക്കി പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് തീയതി വരെ 474,662 രൂപയുടെ മരുന്ന് മാത്രമാണ് ആശുപത്രിയ്ക്ക് ലഭ്യമാക്കിയത്. കൈമാറിയ തുകയിൽ ലഭ്യമാക്കിയ മരുന്നിന്റെ വിലകഴിച്ചുള്ള ബാക്കി തുകയായ 75,338 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും മോണിട്ടറിംഗ് സമിതിയുടെ ഇടപെടൽ പദ്ധതി കാര്യക്ഷമമായി നിർവ്വഹിയ്ക്കുന്നതിൽ നിർണായകമാണ്. വർക്കിംഗ് ഗ്രൂപ്പ്/ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണഘട്ടത്തിൽ ഇത്തരം ഇടപെടൽ നടന്നതായി കാണുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# 1-16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് യാത്രാബത്ത, യൂണിഫോം, സ്കോളർഷിപ്പ് (ജനറൽ) – ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിയ്ക്ക് ആനുകൂല്യം നൽകി

അടങ്കൽ - 372,800

ചെലവ് - 372,800

നിർവ്വഹണദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രസ്തുത പ്രോജക്ട് പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് യാത്രാബത്ത, യൂണിഫോം, സ്കോളർഷിപ്പ് (ജനറൽ) എന്നിവ നൽകുന്ന പദ്ധതിക്കായി വികസന ഫണ്ട്, ബ്ളോക്ക് പഞ്ചായത്ത് വിഹിതം എന്നിവയിൽ നിന്നും 372,800 രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി. 19 വിദ്യാർത്ഥികൾക്ക് പദ്ധതി കൊണ്ട് പ്രയോജനം ലഭിച്ചു. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത അഖിൽ വലിയേടത്ത് എന്ന വിദ്യാർത്ഥിയ്ക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.ഇത്തരം പദ്ധതികൾ രൂപീകരിക്കുന്ന ഘട്ടത്തിൽത്തന്നെ പഞ്ചായത്തിലെ അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വർക്കിംഗ്ഗ്രൂപ്പ് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമസഭ തെരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/5.08.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമ സഭയുടെ അംഗീകാരമില്ലാത്ത വ്യക്തിക്ക് വിതരണം ചെയ്ത 25200 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-17 എം.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർക്ക് വേതനം നൽകിയ തുക തനത് ഫണ്ടിൽ തിരിച്ചടച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തനത്ഫണ്ട് വൗച്ചർ പ്രകാരം, 11/2018 മുതൽ 03/2019 വരെ 407,700 രൂപ എം.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർക്ക് വേതനം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. ടി തുക തനത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/5.08.2019 ന് മറുപടി നൽകിയിട്ടില്ല. തുക തനത് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

# 1-18 പൊതുമരാമത്ത് പദ്ധതികൾ :അപാകതകൾ

കീഴരിയൂർ ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കാണിക്കുന്നു.

എ) പ്രിലിമിനറി,ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ അടിസ്ഥാന രേഖകളില്ല.

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി തി.01-02-2012 പാർട്ട് 2 സെക്ഷൻ 1601.1.1, 1601.1.2എന്നിവ പ്രകാരം പ്രിലിമിനറി,ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ, ആവശ്യകത എന്നിവ ഉൾപ്പെടെ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കാനാവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തണം.ഇങ്ങനെ തയ്യാറാക്കി സമർപ്പിക്കേണ്ട അടിസ്ഥാന രേഖകളാണ് സൈറ്റ് കണ്ടീഷൻ, സൈറ്റ് പ്ളാൻ, ലേഔട്ട്, ഡ്രോയിംഗ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ. കീഴരിയൂർ ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ എസ്റ്റിമേറ്റിന്റെ കൂടെ മേൽ പറഞ്ഞ രേഖകൾ സമർപ്പിച്ചിട്ടില്ല. ഇതു കാരണം പൊതുമരാമത്ത് പ്രവൃത്തിയുടെ നടത്തിപ്പിൽ ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങൾക്ക് പ്രവൃത്തിയെക്കുറിച്ച് കൃത്യമായ ധാരണ ലഭിക്കാനും അതിനനുസരിച്ച് ഇടപെടൽ നടത്താനും സാധിക്കുന്നില്ല.എഞ്ചിനീയറിംഗ് വിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മേൽ രേഖകൾ കൂടി തയ്യാറാക്കാത്തതുകാരണമാണ് ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയ്ക്ക് പ്രവൃത്തിയെക്കുറിച്ച് കൃത്യമായ ധാരണ ലഭിക്കാത്തതും

അതിനനുസരിച്ച് ഇടപെടൽ നടത്താൻ സാധിക്കാതിരുന്നതും. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മേൽ രേഖകൾ കൂടി തയ്യാറാക്കാൻ എഞ്ചിനീയറിംഗ് വിംഗ് തയ്യാറാവേണ്ടതാണ്. അങ്ങനെ തയ്യാറാക്കുന്നുവെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

ബി) ടെണ്ടർ നടപടി വൈകുന്നു

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ ടെണ്ടർ ചെയ്യുന്നതിൽ പഞ്ചായത്ത് കാലതാമസം വരുത്തുന്നു.ഉദാഹരണം ചുവടെ.

| | പ്രവൃത്തി | അംഗീകാരം ലഭിച്ച തിയ്യതി | ടെണ്ടർ ചെയ്ത തിയ്യതി |
|---|---|---|---|
| 1 | ഊരുളിത്താഴ പാലാക്കണ്ടി റോഡ്(പ്രൊ.33/19) | 6-6-2018 | 16-8-2018 |
| 2 | ഊരുളിത്താഴ പാലാക്കണ്ടി റോഡ്(പ്രൊ.99/19) | 21-7-2017 | 11-10-2017 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ ടെണ്ടർ ചെയ്യുന്നതിൽ പഞ്ചായത്ത് കാലതാമസം വരുത്തുന്നതു കാരണം പ്രൊജക്ടുകളുടെ നടത്തിപ്പ് നീണ്ടു പോവാൻ ഇടയാകുന്നു. ഭാവിയിൽ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ ഉടൻ തന്നെ ടെണ്ടർ ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

സി) മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2 13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമ പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 എസ്.എസ്.എ :അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്ട് നമ്പർ -1/19

പ്രൊജക്ട് - എസ്.എസ്.എ പഞ്ചായത്ത് വിഹിതം

ബിൽ നമ്പർ -4/31-5-2019

ബിൽ തുക -800,000/-

കീഴരിയൂർ ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ വിഹിതമായി 800000/- രൂപ നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 ഉത്തരവ് 7.6.3 അനുസരിച്ച് എസ്.എസ്.എ.യുടെ പ്രൊജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കേണ്ടതാണ്. പഞ്ചായത്ത് തുക കൈമാറിയതല്ലാതെ എസ്.എസ്.എയുടെ പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ഇടപെടലുകളൊന്നും നടത്തിയിട്ടില്ല. പ്രൊജക്ട് രൂപീകരണത്തിൽ ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങളായ വർക്കിംഗ് ഗ്രൂപ്പ്,സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയ്ക്ക് എസ്.എസ്.എ പ്രൊജക്ടുകളെ കുറിച്ച് കൃത്യമായ ധാരണയോടെ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. ഇതു കാരണം ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 13.1 അനുസരിച്ചുള്ള മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകുക എന്ന പ്രക്രിയ ഇവിടെ സാധ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിനു ശേഷവും മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മേൽ പറഞ്ഞ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 1-20 മരുന്ന് വാങ്ങൽ- വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തൽ നടത്തിയില്ല

പ്രൊജക്ടിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രൊ.നം, പേര് | 45/19,ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി. മൃദുല ഗോപിനാഥ്.<br>മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| അടങ്കൽ/ഫണ്ട് | 100000 (മെയിന്റനൻസ് ഗ്രാന്റ്,റോഡിതരം) |
| ചെലവ് | 100000 (ബിൽ നം- 1/18-19, തീ.31.12.2018 ) |

പദ്ധതി ആസൂത്രണ ഘട്ടത്തിൽ തന്നെ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കേണ്ടതും നിശ്ചയിച്ച സമയപരിധിക്കുള്ളിൽ തന്നെ പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ

പറയുന്ന അപാകതകൾ കാണുന്നു.

1. 17.03.2018 തീയതിയിൽ ഭരണാനുമതി ലഭിച്ച പദ്ധതി പ്രകാരമുള്ള വാങ്ങൽ നടപടികൾ ആരംഭിച്ചത് 19.11.2018 തീയതിയിലാണ്.
2. പദ്ധതി പ്രകാരം 100000 രൂപ വിലയുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതിനാണ് 08.12.2019 തീയതിയിൽ ഹോംകോ എന്ന സ്ഥാപനത്തിന് ഓർഡർ നൽകിയത്. ഇൻവോയിസ് പ്രകാരമുള്ള 1 ലക്ഷം രൂപ 31.12.2018 തീയതിയിൽ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെയും മരുന്ന് ലഭ്യമായിട്ടില്ല. ഹോംകോയുമായി സ്ഥാപനം സമയപരിധി നിശ്ചയിച്ച് കരാറിലേർപ്പെട്ടിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം പരിഹരിക്കുന്നതിന് 24.07.19 വരെ സ്ഥാപനം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 25.07.19 തീയതിയിലാണ് സ്ഥാപനം മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോയോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുള്ളത്.

മരുന്നുകൾ ലഭ്യമാവുന്നതിൽ താമസമുണ്ടായിട്ടും ആയത് പരിഹരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ഇടപെടലുകൾ നടത്തിയിട്ടില്ല. അടങ്കൽ ചെയ്ത തുക പൂർണ്ണമായും ചെലവഴിച്ചിട്ടും പദ്ധതി പ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കാത്തതും പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിലുള്ള കാലതാമസവുമാണ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുള്ളത്. ഭരണസമിതി മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പേരാമ്പ്ര ഫെസ്റ്റ് - തനതുഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ

വൗച്ചർ നമ്പർ - 21800083 തീ.16/05/2018

പേരാമ്പ്ര വികസന മിഷന്റെ നേതൃത്വത്തിൽ 2018 ഏപ്രിൽ 5 മുതൽ 12 വരെ സംഘടിപ്പിച്ച പേരാമ്പ്ര ഫെസ്റ്റിന്റെ രണ്ടാം ദിനത്തിൽ കീഴരിയൂർ ഗ്രാമപഞ്ചായത്ത് അവതരിപ്പിച്ച സാംസ്കാരിക ഘോഷയാത്രയുടെ ചെലവിനത്തിൽ 25500 രൂപ തനതുഫണ്ടിൽ നിന്ന് പിൻവലിച്ച് സി.ഡി.എസ്. ചെയർപേഴ്സണ് നൽകിയിട്ടുണ്ട്. വൗച്ചർ പരിശോധിച്ചതിൽ അസാധാരണ ചെലവ് എന്ന ശീർഷകത്തിലാണ് പണം ചെലവഴിച്ചത്. പഞ്ചവാദ്യത്തിന് 15000 രൂപയും 250 പേർ യാത്ര ചെയ്തതിന് 3 ബസിന്റെ വാടകയിനത്തിൽ 11000 രൂപയുമാണ് സി.ഡി.എസ്. ചെയർപേഴ്സൺ ക്ലെയിം ചെയ്തത്. മേൽ തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. 2011 ലെ കേരള പഞ്ചായത്ത്‌രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിലെ ഭൂരിപക്ഷം അംഗങ്ങൾ

പിൻതാങ്ങിയിട്ടുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇത്തരം ചെലവുകൾക്ക് അംഗീകാരം നൽകേണ്ടത്. ഭരണസമിതി തീരുമാനം പരിശോധിച്ചതിൽ മേൽ ഇനത്തിന് 15000 രൂപ ചെലവഴിക്കുന്നതിനാണ് ഭരണസമിതി അംഗീകാരം നൽകിയത്. മാത്രമല്ല തുക ചെവഴിച്ചത് ഗ്രാമപഞ്ചായത്തിനകത്തെ പ്രവർത്തനത്തിനല്ലാത്തതിനാൽ സർക്കാർ അനുമതി ആവശ്യമാണെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ഭരണസമിതി അനുമതി നൽകിയതിനേക്കാൾ അധികം ചെലവഴിച്ച 10500 (25500-15000)രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 09/07/2019 മുതൽ 10/07/2019 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(25) തീ.24/07/2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് | 20/08/2018 | 250000 | പാലിന് സബ്സിഡി 56/19 | 250000 | 0 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് | 20/08/2018 | 250000 | വനിതാ ക്ഷീരകർഷകർക്ക് പാലളവിന് ഇൻസെന്റീവ് 57/19 | 250000 | 0 |
| ഡയറി ഡെപ്യൂട്ടിഡയരക്ടർ ജില്ലാ പഞ്ചായത്ത് | 15/03/2019 | 325000 | ക്ഷീര ഗ്രാമം 55/19 | 325000 | 0 |
| ഡയറി ഡെപ്യൂട്ടിഡയരക്ടർ ജില്ലാ പഞ്ചായത്ത് | 15/03/2019 | 100000 | പാലിന് ഇൻസെന്റീവ് 56/19 | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ഡെപ്യൂട്ടി ഡയരക്ടർ അഗ്രികൾച്ചർ ജില്ലാപഞ്ചായത്ത് | 15/03/2019 | 92040 | നെൽകൃഷി പ്രോത്സാഹനം 5/19 | 92040 | 0 |
| പ്രൊജക്ട് ഡയരക്ടർ പി.എ.യു. | 26/09/2018 | 914104 | ലൈഫ് ഭവന പദ്ധതി 21/19 | 914104 | 0 |
| എ.ഡി.എ തിക്കോടി ബ്ലോക്ക് | 26/02/2019 | 76700 | നെൽകൃഷി പ്രോത്സാഹനം 5/19 | 76700 | 0 |
| എ.ഡി.എ തിക്കോടി ബ്ലോക്ക് | 23/03/2019 | 7600 | ജൈവ പച്ചക്കറി വ്യാപനം 6/19 | 7600 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | എസ്.സി. കോളനികളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | 1295854/5.3.19<br>138005/15.3.19 | 435739<br>268850 | -<br>- | 435739<br>268850 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10105896 രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്)68/2018/ തസ്വഭവ തിയ്യതി 18/05/2018 | 10105896 | ഇല്ല | ഇല്ല | ഇല്ല | 10105896 |

# 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 27(a) | 2003-04 (പൊതുപരാമർശം) | 11.13.7.7 | നികുതി പിരിവിൽ അലംഭാവം | |
| 1999-00 | | 2003-04 | 11.14 | ഭവനനിർമമാണം പട്ടികജാതി | |
| | | 2012-13 | 3.4.5.19 | തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ കാർഡ് വിതരണം | |
| | | | 3.4.5 | തൊഴിലിന് അപേക്ഷിക്കൽ- തൊഴിൽ ലഭ്യമാക്കൽ- MNREGS | |

| | | | | | |
|---|---|---|---|---|---|
| | | | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | |
| | | | 3.4.5.10 | വേതന വിതരണത്തിലെ കാലതാമസം | |
| | | | 3.4.5.17 | തൊഴിലുറപ്പ് പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചില്ല. | |
| | | | 3.4.5.13 | ജാഗ്രത മേൽനോട്ട കമ്മിറ്റി തൃപ്തികരമല്ല | |
| | | 2014-15(അവലോകനം) | 4.3.2 | 60 വയസ്സ് പൂർത്തിയാകാത്തവർക്ക് പെൻഷൻ | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52953880.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48365580.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10500.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 85100.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-6 | - | 10500.00 | ഷാജഹാൻ എം, |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 59900.00 | അസി.സെക്രട്ടറി,<br>കീഴരിയൂർ ഗ്രാമപഞ്ചായത്ത് |
| 1-16 | 25200.00 | ജമീല ടി,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജഹാൻ എം,സെക്രട്ടറി | സെക്രട്ടറി,<br>താമരക്കുളം ഗ്രാമ പഞ്ചായത്ത്,<br>ആലപ്പുഴ ജില്ല,<br>പിൻ- 690530 | ഷാജിഭവനം,<br>വള്ളികുന്നം സൗത്ത്,<br>ആലപ്പുഴ ജില്ല,<br>പിൻ- 690501 |
| ശ്രീവിദ്യ വി.സി,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>കീഴരിയൂർ ഗ്രാമപഞ്ചായത്ത് | കമലിനി- വീട്,<br>പൂമഠത്തിൽ,<br>പന്തലായനി,<br>കൊയിലാണ്ടി. |
| ജമീല ടി,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.ഓഫീസ്,<br>മേലടി | കനവ്,<br>പുറക്കാട് പി.ഒ,<br>മേലടി. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/1315/2018(1) | 2 | 30(1), (2) |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/<br>പി1/1315/2018(2) തീയതി 01.08.2018 | 2 | 27(എ), 38 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/1315/2018(3) തീയതി 01.08.2018 | 2 | 12, 13 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/1315/2018(5)<br>തീയതി 01.08.2018 | 2 | 3-8, 3-9 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/1315/2018(7)തീ. 01.08.2018 | 2 | 3-1, 4-4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/1315/2018(8)തീ. 01.08.2018 | 1 | 3-9 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/1315/2018(9)<br>തീയതി 01.08.2018 | 8 | 2-1, 2-2, 3-3, 3-4, 3-5,<br>3-6, 3-9, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/1315/2018(10)<br>തീയതി 01.08.2018 | 4 | 3-2, 3-5, 3-10, 3-12 |
| 2010-11,11-12 | കെ.എസ്.എ.കെ.കെ.ഡി.പി2/807/15<br>തീയതി 19.10.2015 | 13 | 1-5, 1-10, 3-2, 3-6, 3-7,<br>3-8,<br>3-9, 3-10, 3-11, 3-13, 3-15, 4-4, 4-6 |
| 2012-13 | കെ എസ് എ കെ .കെ ഡി/പി2/17/2015<br>തീയതി 06.01.2015 | 7 | 3-1, 3-3, 3-4, 3-5, 3-6,<br>3-7,3-10,<br>3-12,3-13,3-14,3-15,3-16,3-17 |
| 2013-14,<br>2014-15 | കെ എസ് എ കെ .കെ ഡി./<br>പി1/4/2017തിയതി.23.03.2017 | 6 | 2-1, 3-1, 3-7, 3-10, 3-13,<br>3-17(7),4-9 |
| 2015-16 | കെ എസ് എ കെ .കെ ഡി./പി1/1720/2018<br>തീയതി 22.09.2018 | 8 | 2-1(1), 3-2, 3-4, 3-5,<br>3-8, 3-9 |
| 2016-17 | കെ എസ് എ കെ .കെ ഡി./<br>പി1/311/2018തിയതി.21.02.2018 | 18 | 3-4(2),3-4(3),3-7,3-9,3-10,3-12,<br>3-13,3-16,3-17,3-18 |
| 2017-18 | കെ എസ് എ കെ .കെ ഡി./<br>പി1/311/2018തിയതി.21.02.2018 | 16 | 1-10, 1-12, 2-1, 2-3, 2-4,<br>3-1, 3-2, 3-3, 3-5, 3-6,<br>3-8, 3-10, 3-11, 3-15, 3-16, 3-17 |

**ഡെപ്യൂട്ടി ഡയറക്ടർ**

# <u>അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കീഴരിയൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ (ഖണ്ഡിക 1-11 കാണുക) പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**